പ്രസ്സ് റിലീസ്

# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**
**email : helpdoc@rbi.org.in**

**വാർത്താവിനിമയ വിഭാഗം**
സെൻട്രൽ ഓഫീസ്, എസ്. ബി. എസ്. മാർഗ്, മുംബൈ - 400001
ഫോൺ : 91 22 2266 0502 ഫാക്സ് : 91 22 22660358

സെപ്തംബർ 10, 2015

## ഇൻഡ്യൻ മെർക്കന്റയിൽ കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, ലഖ്നൗ, ഉത്തർപ്രദേശിനെ സംബന്ധിച്ച് ആർ. ബി. ഐ. പുറപ്പെടുവിച്ചിരുന്ന നിയന്ത്രണോപാധികൾ (Directives) 2015 ഡിസംബർ 11 - വരെ നീട്ടിയിരിക്കുന്നു.

ലഖ്നൗവിലെ ഇൻഡ്യൻ മെർക്കന്റയിൽ കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിനെ സംബന്ധിച്ച് പുറപ്പെടുവിച്ചിരുന്ന നിയന്ത്രണോപാധികൾ (Directives) 2015 സെപ്തംബർ 12-ാം തീയതി മുതൽ, 2015 ഡിസംബർ 11-ാം തീയതി വരെ, പുനഃപരിശോധനയ്ക്ക് വിധേയമായി, മൂന്നു മാസത്തേയ്ക്ക് കൂടി നീട്ടിയിരിക്കുന്നു. ഈ ബാങ്ക് 2014 ജൂൺ 12-ാം തീയതി മുതൽ തന്നെ ആർ ബി ഐയുടെ നിയന്ത്രണോപാധികൾക്ക് (Directives) വിധേയമാണ്.

ഈ നിയന്ത്രണോപാധികൾ (Directives) അനുസരിച്ച് ഇൻഡ്യൻ മെർക്കന്റയിൽ കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, ലഖ്നൗ, റിസർവ് ബാങ്കിന്റെ മുൻകൂട്ടിയുള്ള രേഖാമൂലമായ അംഗീകാരമില്ലാതെ താഴെകാണിച്ചിരിക്കുന്ന കാര്യങ്ങൾ ചെയ്യാൻ പാടില്ല. വായ്പകൾ അനുവദിക്കുകയോ പുതുക്കുകയോ ചെയ്യാൻ പാടില്ല. നിക്ഷേപങ്ങൾ നടത്താൻ പാടില്ല. പുതിയ നിക്ഷേപങ്ങൾ സ്വീകരിക്കുക, പണം കടം വാങ്ങുക തുടങ്ങിയ ബാദ്ധ്യതകൾ വരുത്താൻ പാടില്ല. ബാദ്ധ്യതകളും കടപ്പാടുകളും കൊടുത്തുതീർക്കുകയോ കൊടുത്തു തീർക്കാമെന്ന് സമ്മതിക്കുകയോ ചെയ്യാൻ പാടില്ല. റിസർവ് ബാങ്കിന്റെ നിയന്ത്രണോപാധികളിൽ (Directives) നിർദ്ദേശിച്ചിട്ടുള്ളവയല്ലാതെ വസ്തുക്കളോ, മറ്റ് ആസ്ഥികളോ വില്ക്കുകയോ, കൈമാറ്റം ചെയ്യുകയോ, അല്ലെങ്കിൽ അപ്രകാരം ചെയ്യാമെന്നുള്ള ഒത്തുതീർപ്പുകളിലോ ക്രമീകരണങ്ങളിലോ ഏർപ്പെടുകയോ ചെയ്യാൻ പാടില്ല. കൂടാതെ നിക്ഷേപകരെ അവരുടെ ഓരോ സേവിംഗ്സ്, കറന്റ് അല്ലെങ്കിൽ മറ്റേതെങ്കിലും നിക്ഷേപ അക്കൗണ്ടിൽ നിന്നും 1,00,000/- രൂപ (ഒരു ലക്ഷം രൂപാമാത്രം) യിൽ കവിയാതെ 2014 ജൂൺ 12-ാം തീയതി മുതൽ 2015 ഡിസംബർ 11-ാം തീയതിവരെയുള്ള കാലയളവിൽ, ഒറ്റത്തവണമാത്രം പിൻവലിക്കാൻ അനുവദിക്കണം.

ബാങ്കിംഗ് റെഗുലേഷൻ ആക്ട്, 1949, സെക്ഷൻ 35A സബ്സെക്ഷൻ (1)-ഉം ബാങ്കിംഗ് റെഗുലേഷൻ ആക്ട് സെക്ഷൻ 56-ഉം അനുസരിച്ച് റിസർവ് ബാങ്കിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ചാണ് ഈ നിയന്ത്രണോപാധികൾ (Directives) ബാങ്കിനുമേൽ ചുമത്തിയിരിക്കുന്നത്. ഈ നിയന്ത്രണോപാധികളുടെ (Directives) ഒരു കോപ്പി താല്പര്യമുള്ള പൊതു ജനങ്ങളുടെ അറിവിലേയ്ക്കായി ബാങ്ക് മന്ദിരത്തിൽ പ്രദർശിപ്പിച്ചിട്ടുള്ളതാണ്.

റിസർവ് ബാങ്ക് ഈ നിയന്ത്രണോപാധികൾ (Directives) പുറപ്പെടുവിച്ചതിനാൽ, കോപ്പറേറ്റീവ് ബാങ്കിന്റെ ബാങ്കിംഗ് ലൈസൻസ് റിസർവ് ബാങ്ക് റദ്ദാക്കിയതായി ധരിക്കരുത്. സാഹചര്യങ്ങളനുസരിച്ച് ഈ നിയന്ത്രണോ പാധികളിൽ (Directives) റിസർവ് ബാങ്ക് ഭേദഗതികൾ വരുത്തുന്ന കാര്യം ആലോചിക്കുന്നതാണ്.

**പ്രസ്സ് റിലീസ് : 2015-2016/642**

**അജിത് പ്രസാദ്**
അസിസ്റ്റന്റ് ജനറൽ മാനേജർ